"ക്ലേശമില്ലാതെ സുഖത്തിൻെറ വിലയറിയില്ല."

"നിശ്ചയം, പ്രയാസത്തോടൊപ്പമാണ് എളുപ്പം. അതെ, പ്രയാസത്തോടൊപ്പം തന്നെയാണ് എളുപ്പം നിശ്ചയം." ഇത് ഖുർആൻ വചനം. ജീവിതകർമങ്ങളുടെ അവ സ്ഥയെ മൊത്തം അതുൾക്കൊള്ളുന്നു.

പഴഞ്ചൊല്ലുകളെ മാറ്റിനിർത്തി ചിന്തിക്കുക. ഏത് ജോലിക്കും അതിൻെറതായ പ്രയാസങ്ങളുണ്ട്. ക്ലേശങ്ങൾക്കു ശേഷമാണ് ജോലിയുടെ സൗഖ്യം കിട്ടുക. പക്ഷേ, ജീവിതത്തിൻെറ മാറിവരുന്ന സമീപനങ്ങൾ മിക്കപ്പോഴും ഈ സത്യത്തെ ഉൾക്കൊള്ളാൻ വിസമ്മതിക്കുന്നു.

പരമാവധി സുഖിക്കണം. എങ്ങനെയായാലും തരക്കേടില്ല. പ്രയാസപ്പെടാനൊന്നും നേരമില്ല. ഇതാണ് പുതിയ തലമുറയുടെ സമീപനം. ഈ സമീപനത്തിനു മുമ്പിൽ ബാധ്യതകൾക്ക് രണ്ടാം സ്ഥാനമേ ഉള്ളൂ. അവകാശസമരങ്ങളും പണിമുടക്കുകളും അവകാശമായി മാറിയിരിക്കുന്നു. ആവശ്യഘട്ടങ്ങളിൽ അത് അനിവാര്യമാണെന്ന വസ്തുത നിഷേധിക്കുന്നില്ല. (അത്തരക്കാർ അന്യസ്ഥലങ്ങളിൽ വിയർപ്പൊഴുക്കാൻ മടിക്കുന്നവരല്ല എന്നത് വിസ്മയമാണ്.)

അധ്വാനത്തിൻെറ മറുവശവും പരിണതിയുമാണ് സുഖം. സുഖത്തിൻെറ നിബന്ധനയാണ് അധ്വാനം. അതിനൊരിക്കലും ഫലം ഇല്ലാതാകുന്നില്ല. അത് പെട്ടെന്ന് ലഭിച്ചേക്കാം, പിന്നീടുമാകാം. ചില ഫലങ്ങൾ താല്ക്കാലികമാകാം. ചിലത് അനന്തര തലമുറകളിലേക്കും നീണ്ടുകിടന്നേക്കാം.

കർമമാണ് ജീവിതത്തിൻെറ ലക്ഷ്യം. അത് വെടിഞ്ഞുള്ള ജീവിതം ധന്യമല്ല, ഒരിക്കലും. സ്വർഗംപോലും പ്രയാസങ്ങളാലും അരോചകങ്ങളാലും വലയം ചെയ്യപ്പെട്ടിരിക്കുന്നു. ജീവിതധർമപാലനത്തിൽ പ്രയാസം അനുഭവിക്കാതെ അത് ലഭിക്കുകയില്ലെന്നർഥം.

രണ്ട് കാര്യങ്ങളാണ് സൂചിപ്പിച്ചത്:

(1) ഭൗതികലോകത്ത് ജീവിക്കാൻ നാം മത്സരത്തിലെന്നതുപോലെ അധ്വാനിക്കണം. ഇല്ലെങ്കിൽ പരാജയപ്പെടും. ആത്മഹത്യകൾ പരാജയത്തിന് പരിഹാരമല്ല. അനർഹമായ രീതിയിൽ സുഖം ലഭിക്കണമെന്ന നിശ്ചയം കുറ്റകരമാണ്.

(2) ആത്മീയസുഖം ലഭിക്കണമെങ്കിൽ ദൈവനിശ്ചയം പാലിച്ചു ജീവിക്കണം. അതാണ് ഭൗതിക ജീവിതത്തെ സംസ്കരിക്കുകയും സൗഖ്യം നല്കുകയും ചെയ്യുന്ന പ്രധാന ഘടകം.

അധ്വാനിക്കുക. മടി കൂടാതെ അധ്വാനിക്കുക. അതാണ് മധുരം നിറഞ്ഞ ജീവിതം നല്കുക. അത് സ്വന്തം ചുറ്റുപാടിലാകുമ്പോൾ സ്വന്തത്തിനും നാടിനും ഏറെ ഗുണം ചെയ്യും. ബാധ്യതകളെപ്പറ്റി ബോധവാന്മാരാകുക. അധ്വാനിക്കുന്നവനെയാണ് ദൈവത്തിനിഷ്ടം. അവൻ സ്വന്തത്തിനും ചുറ്റുപാടിനും ഉപകാരിയായിരിക്കും, മനുഷ്യസ്നേഹി. അവകാശങ്ങളെപ്പറ്റി കൂടുതൽ ചിന്തിക്കുന്നവൻ സ്വർഥിയാണ്.

jthrees@hotmail.com